"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ മാനേജീരിയൽ വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അലവൻസുകൾക്ക് മുൻകാല പ്രാബല്യം അനുവദിച്ച് നൽകിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

**സ.ഉ.(കൈ) നം.22/2023/ID തീയതി,തിരുവനന്തപുരം, 25-03-2023**

---

പരാമർശം:-

1. 23.01.2021 ലെ സ.ഉ(കൈ) നം.18/2021/വ്യവ
2. 13.06.2022 ലെ സ.ഉ(കൈ) നം.52/2022/വ്യവ
3. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 21.07.2022 ലെ എച്ച്.ആർ/എം-1/27 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ മാനേജീരിയൽ വിഭാഗം ജീവനക്കാരുടെ 01.04.2017 മുതൽ കുടിശ്ശികയായിരുന്ന ശമ്പളപരിഷ്കരണം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ശമ്പള പരിഷ്കരണ ഉത്തരവിൽ അലവൻസുകളുടെ പ്രാബല്യത്തീയതി പരാമർശിച്ചിരുന്നില്ല. ശമ്പള പരിഷ്കരണം നടപ്പാക്കിയ തീയതിയായ 01.04.2017 മുതൽ എല്ലാ അലവൻസുകൾക്കും പ്രാബല്യം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കമ്പനിയിലെ ഓഫീസർമാർ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 13.08.2021 ന് ചേർന്ന ഡയറക്ടർ ബോർഡ് യോഗം പ്രസ്തുത വിഷയം പരിഗണിക്കുകയും ആയത് ശിപാർശ ചെയ്ത് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. സർക്കാർ അക്കാര്യം പരിശോധിച്ചതിനെ തുടർന്ന് ഡി.എ, സമയബന്ധിത ഹയർ ഗ്രേഡ് എന്നിവ ഒഴികെ മറ്റെല്ലാ അലവൻസുകൾക്കും ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് പുതിയ 75TPD കാസ്റ്റിക് സോഡ പ്ലാന്റ് വിജയകരമായി കമ്മീഷൻ ചെയ്യുകയും എല്ലാ ജീവനക്കാരുടെയും യോജിച്ച പ്രവർത്തനങ്ങളുടെ ഫലമായി 2021-22 സാമ്പത്തിക വർഷത്തിൽ 276 കോടി രൂപയുടെ വിറ്റുവരവ് നേടുകയും ചെയ്തതായും കമ്പനിയിലെ വർക്കേഴ്സിന് ശമ്പള പരിഷ്കരണ തീയതി മുതൽ അനുവദിച്ച എല്ലാ അലവൻസുകളും ഓഫീസർ കാറ്റഗറിയിലുള്ളവർക്ക് അനുവദിക്കാതിരുന്നത് അന്യായമാണെന്ന് ഓഫീസേഴ്സ് പരാതി ഉന്നയിച്ചതായും ആയത് ഉദ്യോഗസ്ഥരുടെ മനോവീര്യത്തെയും പ്രചോദനത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്തതായും മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രാവൻകൂർ കൊച്ചിൻ

കെമിക്കൽസ് ലിമിറ്റഡിലെ ഓഫീസർ കാറ്റഗറി ജീവനക്കാർക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച ശമ്പള പരിഷ്കരണം പ്രകാരമുള്ള അലവൻസുകൾക്ക് 01.04.2017 മുതൽ പ്രാബല്യം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**എ പി എം മുഹമ്മദ് ഹനീഷ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ഉദ്യോഗമണ്ഡൽ, കൊച്ചി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്സ്.എസ്സ്.എ)/(ഇ & ആർ.എസ്സ്.എ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. തീയതി, )
ധനകാര്യ വകുപ്പ് (10.01.2023-ലെ പി.യു-ഡി3/107/2014-ധന നം. അഭിപ്രായം പ്രകാരം)
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
AJITHKUMAR A
Date: 25-03-2023 12:19:26

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
2. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (II) യുടെ പി.എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-03-2023

ഫയൽ നം. വ്യവ-എച്ച്2/158/2022-വ്യവ. ഇനം നം: 1427

വിഷയം : വ്യവസായ വകുപ്പ് - ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ മാനേജിരിയൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിൽ അലവൻസുകൾക്ക് മുൻകാല പ്രാബല്യം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

24/3/23

# GOVERNMENT OF KERALA
# (SHRI.PINARAYI VIJAYAN MINISTRY)
# DRAFT NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | No.IND-H2/158/2022-IND |
| 2 | Department | : | Industries (H) Department |
| 3 | Subject | : | Industries Department – Sanctioning retrospective effect for allowances on Pay Revision of Managerial Employees of Travancore Cochin Chemicals Ltd - reg |
| 4 | Date of Chief Minister's order for placing before the Council. | : | 22.02.2023 — Not # 25 |
| 5 | (i) Does the case involve financial commitments/implications | : | Yes. |
| | (ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | Yes. |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No<br>No |
| 7 | Name of Additional Secretary who submitted the Draft Note. | : | Smt.M.A.Rajeena Beegum |
| 8 | Name of Principal Secretary who approved the Draft Note. | : | Sri. A P M Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 08.03.2023 |
| 10 | Name of Chief Secretary who approved the Draft Note | : | Dr.V.P Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | | 08-03-2023 |
| 12 | Name of Minister who approved the Draft Note | : | Sri.P.Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister | : | 13/3/2023 |
| 14 | Date of submission of fair copies. | : | |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision. | | |

## DRAFT NOTE FOR THE COUNCIL OF MINISTERS

This note deals with the date of effect of allowances on Pay Revision of Managerial Employees of Travancore Cochin Chemicals Ltd w.e.f. 01.04.2017.

2. Pay revision to the Officers of Travancore Cochin Chemicals Ltd due from 01.04.2017 was sanctioned vide G.O(Ms) No.18/2021/ID dated 23.01.2021. The date of effect on payment of arrears on allowances ~~has~~ was silent in the Government Order. Based on the representation submitted by the Officers of the Company, demanding to extend all the allowances with effect from the date of implementation of the pay revision ie, 01.04.2017, the Director Board Meeting held on 13.08.2021 recommended to forward the proposal to Government for favourable consideration. Flag B P1 C/A

3. When the file was forwarded to finance department, that department remarked as follows: Note #8 Flag A

*"AD is informed that on verification of the disposal leading to the previous pay revision orders issued as per GO(Ms)No.50/2016/ID dated 02.03.2016 (for the period from 01.04.2012 to 31.03.2017), it is seen that Finance had agreed to the proposal subject to the condition that the date of effect of revised scale of pay will be 01.04.2012 and monetary benefit will be from 01.04.2015 and that the date of effect of all allowances except DA will be the date of Pay Revision Order. But AD placed the proposal as recommended by the One Man Commission on pay revision and as approved by the Board of Directors, as per the direction of the then Hon'ble Minister(Industries), without incorporating the changes suggested by Finance Department. In the case of the present pay revision also, Finance has taken the same stand and has agreed to fix the date of effect of revised scale of pay as 01.04.2017 and the date of effect of all allowances except DA and Time Bound Higher Grades as the date of the Pay Revision Order at the level of Hon'ble Minister(Finance). AD was also informed as condition No.xii that " the payment of arrears in respect of pay revision shall be decided by the Board of Directors taking into account of the financial position of the company ". But the above clauses were omitted in the pay revision order issued as per G.O(Ms) No.18/2021/ID dated 23.01.2021.*

*Hence the present proposal does not deserve any consideration and so AD is requested to modify the pay revision order dated 23.01.2021 by incorporating the clauses regarding date of effect of pay and allowances and also regarding arrears as above".*

4. Considering the above remarks of Finance Department, amendment order G.O.(Ms)No.52/2022/ID Dated, 13.06.2022 was issued.

5. The Managing Director, Travancore Cochin Chemicals Ltd has reported that Company has successfully commissioned the new 75TPD Caustic Soda Plant and achieved a Turnover of Rs. 276 crores during the FY 2021-22, with the concerted efforts of all the employees and conditions stipulated in Government Order have adversely affected the morale and motivation of the Officers. The Managing Director has also reported that the Officers category are complaining about the unfair treatment given to them as the workers were granted all the allowances w.e.f. the date of implementation of the Pay Revision ~~order~~.

6. When ~~the file was circulated to~~ Hon'ble Minister for Industries ~~and~~ the Hon'ble Minister for Finance ~~through Finance Department~~ that Department remarked as follows:

*"Finance' stick on to the stand that has already taken".*

7. The allowances to the Worker Category employees of Travancore Cochin Chemicals Ltd consequent on their pay revision has been sanctioned w.e.f the date of Pay Revision ie, 01.04.2017. But the allowances such as HRA, CCA, Car / Scooter Allowance and Personal Allowance ~~of the~~ Pay Revision to the employees in the Officers Category has been sanctioned w.e.f the date of order (23.01.2021) only. The Managing Director reported that sanctioning of allowances in different manner to the employees of the same company lead to dissatisfaction among the employees. Finance Department declined the proposal for sanctioning the above allowances to the Officer Category employees w.e.f 01.04.2017.

8. Annual Report of Travancore Cochin Chemicals Ltd till 2021-22 has been submitted to KLA. The details of the profit of the Company for the last many years are as follows:

(Rs. In Crores)

| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| Net Worth | 29.00 | 77.00 | 118.00 | 83.00 | 108.00 |
| Turnover | 243.00 | 258.00 | 221.00 | 172.00 | 276.00 |
| Profit before Tax | 35.00 | 40.00 | 51.00 | - 38.00 (Covid Period) | 31.00 |

The employees in Officers Category lost their benefits for 4 years due to the sanctioning of allowances from the date of Pay Revision order issued after a long delay due to administrative reasons, which is equal to the denial of eligible benefits. Sanctioning of allowances in different manner to the employees of the same Company lead to dissatisfaction among the employees. In the circumstance, the Pay Revision allowances of Officers category employees in Travancore Cochin Chemicals Limited with effect from 01.04.2017 may be sanctioned.

9. When the file was circulated to the Hon'ble Chief Minister through the Hon'ble Minister for Industries, it has been ordered to place the matter before the Council of Ministers for consideration.

<u>**Point for decision**</u>

Whether all allowances consequent to the Pay Revision to the employees of Officers category in Travancore Cochin Chemicals Ltd vide G.O(Ms) No.18/2021/ID dated 23.01.2021 may be sanctioned w.e.f. 01.04.2017, by overruling the remarks of Finance Department?

27/2/23

3/3/23

4/3/23

8/3/23

9/3/23

13/3/23

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നം. വ്യവ-എച്ച്2/158/2022-വ്യവ |
| 2 | വകുപ്പ് | വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | വ്യവസായ വകുപ്പ് - ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ മാനേജീരിയൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിൽ അലവൻസുകൾക്ക് മുൻകാല പ്രാബല്യം നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22.02.2023 – X lot #25 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അതെ. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല<br>ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.എം.എ.റജീന ബീഗം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 08.03.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 8.03.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13/3/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ മാനേജീരിയൽ വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിൽ അലവൻസുകൾക്ക് 01.07.2017 മുതൽ പ്രാബല്യം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ ഓഫീസർമാരുടെ 01.04.2017 മുതൽ കുടിശ്ശികയായിരുന്ന ശമ്പളപരിഷ്കരണം 23.01.2021 ലെ സ.ഉ(കൈ) നം.18/2021/വ്യവ പ്രകാരം അനുവദിച്ചിരുന്നു. ശമ്പള പരിഷ്കരണ ഉത്തരവിൽ അലവൻസുകളുടെ പ്രാബല്യത്തീയതി പരാമർശിച്ചിരുന്നില്ല. ശമ്പള പരിഷ്കരണം നടപ്പാക്കിയ തീയതിയായ 01.04.2017 മുതൽ എല്ലാ അലവൻസുകളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കമ്പനിയിലെ ഓഫീസർമാർ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 13.08.2021 ന് ചേർന്ന ഡയറക്ടർ ബോർഡ് യോഗം പ്രസ്തുത വിഷയം പരിഗണിക്കുകയും ആയത് ശിപാർശ ചെയ്ത് സർക്കാരിന്റെ അനുകൂല പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

3. തുടർന്ന് ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"AD is informed that on verification of the disposal leading to the previous pay revision orders issued as per GO(Ms)No.50/2016/ID dated 02.03.2016 (for the period from 01.04.2012 to 31.03.2017), it is seen that Finance had agreed to the proposal subject to the condition that the date of effect of revised scale of pay will be 01.04.2012 and monetary benefit will be from 01.04.2015 and that the date of effect of all allowances except DA will be the date of Pay Revision Order. But AD placed the proposal as recommended by the One Man Commission on pay revision and as approved by the Board of Directors, as per the direction of the then Hon'ble Minister(Industries), without incorporating the changes suggested by Finance Department. In the case of the present pay revision also, Finance has taken the same stand and has agreed to fix the date of effect of revised scale of pay as 01.04.2017 and the date of effect of all allowances except DA and Time Bound Higher Grades as the date of the Pay Revision Order at the level of Hon'ble Minister(Finance). AD was also informed as condition No.xii that " the payment of arrears in respect of pay*

[redacted] *revision shall be decided by the Board of Directors taking into account of the financial position of the company ". But the above clauses were omitted in the pay revision order issued as per G.O(Ms) No.18/2021/ID dated 23.01.2021.*

*Hence the present proposal does not deserve any consideration and so AD is requested to modify the pay revision order dated 23.01.2021 by incorporating the clauses regarding date of effect of pay and allowances and also regarding arrears as above".*

4. ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായം പരിഗണിച്ച് 13.06.2022 ലെ സ.ഉ(കൈ) നം.52/2022/വ്യവ നമ്പർ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. P.5-7 n-t

5. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് പുതിയ 75TPD കാസ്റ്റിക് സോഡ പ്ലാന്റ് വിജയകരമായി കമ്മീഷൻ ചെയ്യുകയും എല്ലാ ജീവനക്കാരുടെയും യോജിച്ച പ്രവർത്തനങ്ങളുടെ ഫലമായി 2021-22 സാമ്പത്തിക വർഷത്തിൽ 276 കോടി രൂപയുടെ വിറ്റുവരവ് നേടുകയും ചെയ്തതായും മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ഉദ്യോഗസ്ഥരുടെ മനോവീര്യത്തെയും പ്രചോദനത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്തതായും ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. കൂടാതെ കമ്പനിയിലെ വർക്കേഴ്സിന് ശമ്പള പരിഷ്കരണ തീയതി മുതൽ അനുവദിച്ച എല്ലാ അലവൻസുകളും ഓഫീസർ കാറ്റഗറിയിലുള്ളവർക്ക് അനുവദിക്കാതിരുന്നത് അന്യായമാണെന്ന് ഓഫീസേഴ്സ് പരാതി ഉന്നയിച്ചതായി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. P. C-t

6. തുടർന്ന് ഫയൽ ബഹു.വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു.ധനകാര്യ വകുപ്പ് മന്ത്രി വഴി ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു. Note #17 n-t

*"Finance' stick on to the stand that has already taken".*

7. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ വർക്കർ വിഭാഗത്തിലെ ജീവനക്കാർക്ക് അവരുടെ ശമ്പള പരിഷ്കരണത്തിന് അനുവദിച്ച ആനുകൂല്യങ്ങൾ ശമ്പള പരിഷ്കരണ തീയതി മുതൽ (01.04.2017) അനുവദിച്ചിരുന്നു. എന്നാൽ ഓഫീസർ വിഭാഗത്തിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന് ~~ഫലമായി~~ HRA, CCA, കാർ / സ്കൂട്ടർ അലവൻസ്, വ്യക്തിഗത അലവൻസ് തുടങ്ങിയ അലവൻസുകൾക്ക് ഉത്തരവ് തീയതി മുതൽ (23.01.2021) മാത്രമാണ് പ്രാബല്യം അനുവദിച്ചിരിക്കുന്നത്. ഒരേ Note #24 n-t

കമ്പനിയിലെ ജീവനക്കാർക്ക് വ്യത്യസ്ത രീതിയിൽ അലവൻസുകൾ അനുവദിച്ചത് ജീവനക്കാരിൽ അസംതൃപ്തിക്ക് കാരണമാകുന്നതായി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഓഫീസർ വിഭാഗത്തിലെ ജീവനക്കാർക്ക് മേൽപ്പറഞ്ഞ അലവൻസുകൾ 01.04.2017 മുതൽ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ധനവകുപ്പ് നിരസിക്കുകയാണുണ്ടായത്.

8. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ 2021-22 വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി കമ്പനിയുടെ ലാഭവിവരങ്ങൾ ചുവടെ കണ്ടാലും.

(Rs. In Crores)

| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|
| Net Worth | 29.00 | 77.00 | 118.00 | 83.00 | 108.00 |
| Turnover | 243.00 | 258.00 | 221.00 | 172.00 | 276.00 |
| Profit before Tax | 35.00 | 40.00 | 51.00 | - 38.00 (Covid Period) | 31.00 |

ഭരണപരമായ കാരണങ്ങളാൽ സംഭവിച്ച ദീർഘമായ കാലതാമസത്തിന് ശേഷം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ അലവൻസുകൾക്ക് ഉത്തരവ് തീയതി മുതലാണ് പ്രാബല്യം അനുവദിച്ചിരുന്നത് കാരണം ഓഫീസർ വിഭാഗത്തിലെ ജീവനക്കാർക്ക് 4 വർഷത്തേക്ക് അവരുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടത് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന് തുല്യമാണ്. കൂടാതെ ഒരേ കമ്പനിയിലെ ജീവനക്കാർക്ക് വ്യത്യസ്ത രീതിയിൽ അലവൻസുകൾ അനുവദിച്ചത് ജീവനക്കാരിൽ അസംതൃപ്തിക്ക് കാരണമാകുന്നു. ഈ സാഹചര്യത്തിൽ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ ഓഫീസർ വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണ അലവൻസുകൾക്ക് 01.04.2017 മുതൽ പ്രാബല്യം നൽകണമെന്ന നിർദ്ദേശം അനുവദിച്ച് നൽകേണ്ടതുണ്ട്.

9. തുടർന്ന് ഫയൽ ബഹു.വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ട്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലെ ഓഫീസർ കാറ്റഗറിയിൽപ്പെട്ട ജീവനക്കാർക്ക് 23.01.2021 ലെ സ.ഉ(കൈ) നം.18/2021/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച ശമ്പള പരിഷ്കരണ പ്രകാരമുള്ള അലവൻസുകൾക്ക് 01.07.2017 (01-04-2017) മുതൽ പ്രാബല്യം നൽകി അനുവദിക്കാമോ?

27/2/23

3/3/23

4/3/23

8/3/23

8/3/23

13/3/23